**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4839** **20-03-2025 - ൽ മറുപടിയ്ക്ക്**

**മാനാഞ്ചിറ - വെള്ളിമാട്ടുകുന്ന് റോഡ് നിർമ്മാണപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മാനാഞ്ചിറ - വെള്ളിമാട്ടുകുന്ന് റോഡിന്റെ നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിനായി നിലവിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നഗര പാത വികസന പദ്ധതി ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട മാനാഞ്ചിറ - വെള്ളിമാട്ടുകുന്ന് റോഡിന്, ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമി ഏറ്റെടുക്കലിന് തടസ്സം നേരിട്ടതിനാൽ കോഴിക്കോട് നഗര പാത വികസന പദ്ധതി - ഘട്ടം I (ബി) ആയി മാറ്റുകയും, ടി പദ്ധതിയുടെ വിശദമായ രൂപരേഖ പുനർമൂല്യ നിർണ്ണയം നടത്തി 137.44 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി. എരഞ്ഞിപ്പാലം മേൽപ്പാലത്തിന് അധിക ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസമുള്ളതിനാൽ മാനാഞ്ചിറ - വെള്ളിമാട്ടുകുന്ന് റോഡിൽ നിന്ന് മേൽപ്പാലം ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. എൻ.എച്ച്. വരുന്ന ഭാഗവും, എരഞ്ഞിപ്പാലം മേൽപ്പാലവും ഒഴിച്ച് വിശദമായ രൂപരേഖ പരിഷ്കരിച്ച് സമർപ്പിക്കപ്പെട്ട 88.05 കോടി എസ്റ്റിമേറ്റ് തുക വരുന്ന പ്രവർത്തി ഇ.പി.സി. മോഡിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരം ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ആദ്യഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതിനു തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | ആദ്യഘട്ടത്തിൽ മാനാഞ്ചിറ മുതൽ മലാപറമ്പ് വരെ 5.320 കി.മി. റോഡ് 4 വരി പാതയായി ബി.എം, ബി.സി ചെയ്തു ഉന്നതനിലവാരത്തിലാക്കി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ